പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 3998 — 27-06-2012 - ൽ മറുപടിയ്ക്ക്

## നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ ;<br><br>(ബി) ഇങ്ങനെ തയ്യാറാക്കുന്ന നീർത്തടങ്ങളുടെ തുടർ നടപടികൾ എന്തൊക്കെയാണെന്നും ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ ;<br><br>(സി) പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലത്തിൽ നീർത്തടാധിഷ്ഠിത പ്ലാൻ തയ്യാറാക്കി കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇതിന്റെ തുടർച്ചയായി നദീതട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് കൂടി നടപടി സ്വീകരിക്കുമോ ? | (എ), (ബി) & (സി)<br><br>ഇല്ല. 2003-ലെ കേരള ജലസേചന ജലസംരക്ഷണ നിയമത്തിൽ ചില വകുപ്പുകൾ ഭേദഗതി ചെയ്യാനും ചില വകുപ്പുകൾ കൂടുതലായി ഉൾപ്പെടുത്താനും ഉദ്ദേശിച്ചിട്ടുണ്ട്. ഇതിനായി തയ്യാറാക്കിയ കരട് ബില്ലിൽ സംസ്ഥാനത്തെ നീർത്തടങ്ങളുടെയും നദീതടങ്ങളുടെയും സമഗ്രമായ വികസനത്തിനും സംരക്ഷണത്തിനുമായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി State River and Wetland Authority, River Basin Board, Wetland Development Board എന്നിവയുടെ രൂപീകരണത്തിനായി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത ബില്ലിന് നിയമ പ്രാബല്യം കൈവന്നാൽ മാത്രമേ നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.